## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2739 — 12-03-2018 -ൽ മറുപടിക്ക്

### ഓഖി ദുരന്തനിവാരണത്തിനായി ചെലവഴിച്ച തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.വി. വിജയദാസ് | | ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | ഓഖി ദുരന്തനിവാരണത്തിനായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദവിവരം നൽകുമോ; | എ) | ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് കേന്ദ്ര പ്രതികരണനിധിയിൽ നിന്നും 133 കോടി രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 116 ലക്ഷം രൂപയും അനുവദിച്ച് നല്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു. |
| ബി) | എന്തെല്ലാം സഹായങ്ങളാണ് ഇതിനോടകം തന്നെ സർക്കാർ വിതരണം ചെയ്തിട്ടുള്ളത്; | ബി) | ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ ധനസഹായമായി 16 ലക്ഷം രൂപയും ദുരന്ത പ്രതികരണ ഫണ്ടിൽ നിന്ന് 4 ലക്ഷം രൂപയും പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള 2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22 ലക്ഷം രൂപ അനുവദിച്ചു.കാണാതായവരുടെ കുടുംബങ്ങൾക്ക് ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 10,000/- രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരും മത്സ്യത്തൊഴിലാളികളല്ലാത്തവരുമായവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപയും പ്രധാന മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപയും ഉൾപ്പെടെ 6 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വള്ളം,വല,മറ്റ് ജീവനോപാധികൾ നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം നല്കുന്നതിനും ടി നഷ്ടങ്ങളുടെ കണക്കെടുക്കുന്നതിനും ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് വീട് തകർന്നവർക്ക് രേഖകൾ ഹാജരാക്കുന്ന മുറക്ക് ധനസഹായം അനുവദിക്കുന്നതാണ്. |
| സി) | ഇനിയും എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ദുരന്ത ബാധിതർക്ക് നൽകുവാൻ ഉദ്ദേശിക്കുന്നത്; | സി) | കാണാതായ മത്സ്യ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതാണ്. ഗുരുതരമായി പരിക്കേറ്റവർക്ക് 5 ലക്ഷം രൂപയും, ബോട്ടിനും വള്ളത്തിനും തത്തുല്യ നഷ്ട പരിഹാരം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. മരണമടയുകയോ |

| | | | |
|---|---|---|---|
| | | | കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം / തൊഴിൽ പരിശീലനം എന്നിവ നല്കുന്നതാണ്.<br>മൊബൈലിൽ കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്ന സംവിധാനം കൊണ്ടുവരും. കേരളത്തിലെ പ്രധാനപ്പെട്ട തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തുകയും പ്രത്യേക പോലീസ് സംവിധാനത്തിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മുൻഗണന നല്കുന്നതുമാണ്. |
| ഡി) | സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട ദുരന്തനിവാരണ ഫണ്ട് കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; വിശദവിവരം നൽകുമോ? | ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക സഹായമായി 431 കോടി രൂപ ആവശ്യപ്പെട്ട് മെമ്മോറാൻഡം സമർപ്പിച്ചിരുന്നു. ഇതിൽ 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 18,44,33,726 |
| കൊല്ലം | 370,28,008 |
| പത്തനംതിട്ട | Nil |
| ആലപ്പുഴ | 505,74,810 |
| കോട്ടയം | Nil |
| ഇടുക്കി | 17,09,050 |
| എറണാകുളം | 296,01,750 |
| തൃശ്ശൂർ | 85,70,000 |
| പാലക്കാട് | 3,28,350 |
| മലപ്പുറം | 2,91,54,000 |
| കോഴിക്കോട് | 322,63,094 |
| വയനാട് | Nil |
| കണ്ണൂർ | 76,12,254 |
| കാസറഗോഡ് | 20,61,740 |

സെക്ഷൻ ഓഫീസർ